# എല്ലായ്പ്പോഴും താഴ്മയോടെയിരിക്കുക

## യോഹന്നാൻ 11:20

"യേശു വരുന്നു എന്ന് കേട്ടിട്ട് മാർത്ത അവനെ എതിരേൽക്കുവാൻ ചെന്നു. മറിയയോ വീട്ടിൽ ഇരുന്നു."

കർത്താവിന് ഏറ്റവും പ്രിയനായിരുന്നു. ലാസർ. ലാസറിന്റെ രോഗം ബാധിച്ച അവസ്ഥയിൽ രോഗവിവരം അറിയുവാൻ അവന്റെ സഹോദരിമാരാകുന്ന മാർത്തയും മറിയയും കർത്താവിന്റെ സന്നിധിയിൽ ആളയക്കുന്നതായി യോഹന്നാൻ 11-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. രോഗവിവരം അറിഞ്ഞശേഷവും കർത്താവ് രണ്ടു ദിനംകൂടി താൻ ആയിരുന്ന സ്ഥലത്ത് പാർത്തശേഷമണ് ലാസറിന്റെ നഗരമായ ബേഥാന്യയിലേക്ക് പുറപ്പെടുന്നത്.

ആ സമയം ലാസർ മരിച്ച് നാലു നാളായിരുന്നു. കരഞ്ഞു വിലപിച്ചുകൊണ്ടിരുന്ന സഹോദരിമാരിൽ മാർത്ത കർത്താവിനെ സ്വീകരിക്കുവാൻ ഓടിച്ചെല്ലുന്നതായി കാണുന്നു. തന്റെ സഹോദരന്റെ രോഗവിവരം അറിഞ്ഞിട്ടും വേഗത്തിൽ വന്ന് അവനെ സൗഖ്യമാക്കാത്തതിന്റെ പരിഭവമോ പരാതിയോ ഇവിടെ മാർത്ത പ്രകടിപ്പിക്കുന്നതായി കാണുന്നില്ല. കർത്താവിനോടുള്ള സ്നേഹത്തിൽ താഴ്മയോടെ ഓടിച്ചെന്ന് എതിരേല്ക്കുന്ന ഒരു സഹോദരിയെയാണ് ഇവിടെ നാം വീക്ഷിക്കുന്നത്.

പ്രിയ ദൈവപൈതലേ ആത്മീക യുദ്ധക്കളത്തിൽ ക്ഷീണിതനായി തളർന്നു കിടക്കുന്ന അനുഭവമാണോ ഇന്നു താങ്കൾ നേരിടുന്നത്. എന്തുകൊണ്ട് എനിക്കിത് സംഭവിച്ചു എന്നോർത്ത് ഭാരപ്പെടേണ്ട ആവശ്യമില്ല, മറിച്ച് നമുക്ക് യുദ്ധാഭ്യാസം തരുന്നതിനും വിശ്വാസം കൂടുതൽ വേരൂന്നതിനുമായിട്ടാകുന്നു എല്ലാ പ്രതികൂലങ്ങളെയും ദൈവം അനുവദിച്ചിരിക്കുന്നത്.

നമ്മുടെ പോരിന്റെ ആയുധമോ ജഢികമല്ല. കോട്ടകളെ ഇടിക്കുവാൻ ശക്തിയുള്ള സർവ്വായുധ വർഗ്ഗം ദൈവം നമുക്കു നൽകിയിരിക്കുകയാണ്. പ്രാർത്ഥനയാലും ഉപവാസത്താലും ദൈവസന്നിധിയിൽ മടുത്തുപോകാതെ പ്രാർത്ഥിക്കുന്ന ഒരു ദൈവപൈതലിനെതിരെ ഒരു ദുഷ്ടന്റെ തന്ത്രവും നിലനിൽക്കുകയില്ല. പിശാചിന്റെ പ്രവൃത്തികളെ അഴിക്കുവാൻ വന്ന ദൈവപുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവനാകുന്നു ജയാളിയെന്ന് 1 യോഹന്നാൻ 5:5 നാം വായിക്കുന്നുവല്ലോ. ആകയാൽ വിശ്വാസത്തിൽ മടുത്തുപോകാതെ പ്രത്യാശയുടെ സ്വീകാര്യം മുറുകെ പിടിച്ചുകൊണ്ട് നമുക്ക് ജയാളികളായിത്തീരുവാൻ സർവ്വശക്തനായ ദൈവം ഏവരെയും സഹായിക്കുമാറാകട്ടെ.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 054